പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 4739 — 29/06/2012-ൽ മറുപടിക്ക്

ജനന-മരണ സർട്ടിഫിക്കറ്റുകളുടെ ഡിജിറ്റലൈസേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മോൻസ് ജോസഫ് : | ഡോ.എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ജനന-മരണ സർട്ടിഫിക്കറ്റ് കാലതാമസം കൂടാതെ ലഭ്യമാക്കാൻ ഈ സർക്കാർ അധികാരമേറ്റശേഷം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) ജനന-മരണ സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) 15 വയസ്സിന് താഴെയുള്ള കുട്ടികളുടെ ജനന സർട്ടിഫിക്കറ്റിലെ പേരിൽ മാറ്റം വരുത്തുന്നതിന് ആവശ്യമായ വ്യവസ്ഥകളും നടപടി ക്രമങ്ങളും വ്യക്തമാക്കാമോ; | (ബി) നിലവിൽ പ്രായപരിധി ഇല്ലാതെ തന്നെ സ്കൂൾരേഖയിലേതുപോലെ പേര് തിരുത്തുന്നതിന് 01/02/2012-ലെ 35845/ആർ.ഡി3/2011/തസ്വഭവ നമ്പർ സർക്കുലർ നിലവിലുണ്ട്. പ്രസ്തുത സർക്കുലറിൽ ജനന രജിസ്ട്രേഷനിൽ സ്കൂൾ രേഖയുടെ അടിസ്ഥാനത്തിൽ അന്വേഷിച്ച് ബോദ്ധ്യം വന്ന ശേഷം സ്കൂൾ രേഖപ്രകാരമുള്ള പേര് ചേർക്കാവുന്നതാണെന്നും ഇതിനായി തെറ്റായി പേര് ചേർക്കാനിടയായ സാഹചര്യം വ്യക്തമാക്കുന്ന ഒരു സത്യവാങ്മൂലം മാതാപിതാക്കൾ നൽകേണ്ടതും തെറ്റായി വിവരം ചേർത്ത കുറ്റം രാജിയാക്കുന്നതിന് 50/- രൂപ കോമ്പൗണ്ടിംഗ് ഫീ ഒടുക്കേണ്ടതുമാണെന്നും സ്കൂളിൽ ചേർത്ത ശേഷം ജനന രജിസ്ട്രേഷനിൽ പേര് ചേർക്കുന്ന കേസുകളിൽ സ്കൂൾ രേഖ നിർബന്ധമായും ഹാജരാക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. |
| (സി) സംസ്ഥാനത്ത് ജനന സർട്ടിഫിക്കറ്റുകൾ സർക്കാർ ഡിജിറ്റലൈസ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) 1970 മുതലുള്ള ജനന സർട്ടിഫിക്കറ്റുകൾ ഡിജിറ്റലൈസ് ചെയ്യുന്നതിന് ഇൻഫർമേഷൻ കേരളമിഷനുമായി ചേർന്ന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ